ജയിൽ ആസ്ഥാനകാര്യാലയം,
തിരുവനന്തപുരം - 12,
തീയതി : 17/05/2014.

നം: 94-ക്യാമ്പ്/ഡി.ജി.പി.(പി)/2014

<u>സർക്കുലർ നം: 23/2014</u>

ജയിലിലുളള തടവുകാരിൽ പലർക്കും അസുഖങ്ങൾ വരുമ്പോൾ നിയമപ്രകാരം (റൂൾ 45) ജയിൽ മെഡിക്കൽ ഓഫീസറുടെ അടുക്കൽ കൊണ്ടു പോകാതെ ജയിൽ ഉദ്യോഗസ്ഥർ തന്നെ സ്വയം ചികിത്സിക്കുന്ന ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ഒരു കാരണവശാലും ചെയ്യാൻ പാടില്ല. മദ്യം ലഭിക്കാത്തതിനെ തുടർന്നുള്ള മാനസിക-ശാരീരിക വിഭ്രാന്തി കാണിക്കുന്ന തടവുകാരെയാണ് പ്രധാനമായും മദ്യം കൊടുത്ത് ഉദ്യോഗസ്ഥർ സ്വയം ചികിത്സ നടത്തുന്നതായി കാണുന്നത്. ഒരു കരണവശാലും ഇത്തരം സംഭവങ്ങൾ നടക്കാൻ പാടുള്ളതല്ല. മദ്യം ലഭിക്കാത്തതിനെ തുടർന്നുള്ള മാനസിക-ശാരീരിക വിഭ്രാന്തി കാണിക്കുന്ന തടവുകാർ ആയാലും മറ്റേതെങ്കിലും അസുഖം ഉളളവർ ആയാലും ഡോക്ടറുടെ നിർദ്ദേശ പ്രകാരമുള്ള ചികിത്സയാണ് ലഭ്യമാക്കേണ്ടത്. ഒരു കാരണവശാലും സ്വയം ചികിത്സ ജയിൽ ഉദ്യോഗസ്ഥർ നടത്തരുത്.

ടി.പി. സെൻകുമാർ ഐ.പി.എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും.

പകർപ്പ്: ഡി.ഐ.ജി (ആസ്ഥാനകാര്യാലയം/ഉത്തരമേഖല/
മദ്ധ്യമേഖല/ദക്ഷിണമേഖല).

ടികെഎസ്/17/05/14.